(സി) കാസർഗോഡ് ജില്ലയിൽ മാത്രമായി കാസർഗോഡ് റെയിഞ്ചിന് കീഴിൽ ഒരു റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വനം വകുപ്പിൽ ജീവനക്കാർക്കായി കാന്റീൻ

223 (3330) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ ജീവനക്കാർക്ക് സെൻട്രൽ കാന്റീൻ സൗകര്യം ലഭ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനം വകുപ്പ് ജീവനക്കാർക്ക് കാന്റീൻ സൗകര്യം ലഭ്യമാക്കണമെന്നത് സംബന്ധിച്ച് ഇതുവരെ എന്തെല്ലാം നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മറ്റ് സേനാവിഭാഗങ്ങളെപ്പോലെ വനം വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്കും കാന്റീൻ സൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ആഭ്യന്തര വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള സെൻട്രൽ ക്യാന്റീൻ സൗകര്യം വനം വകുപ്പിലെ ജീവനക്കാർക്കുകൂടി ലഭ്യമാക്കുന്നത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ട്.

കായൽ കയ്യേറ്റം

224 (3331) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം, ചെറുന്നിയൂർ ഗ്രാമപഞ്ചായത്തുകളോട് ചേർന്നുള്ള കായൽ പ്രദേശങ്ങളിൽ വ്യാപകമായ കായൽ കയ്യേറ്റം നടക്കുന്നത് പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly